ശ്രീ. ബെന്നി ബഹനാൻ: കൃത്രിമാധാരങ്ങൾ തടയുന്നതിന് ഇന്നു നിലവിലുള്ള രജിസ്ട്രേഷൻ ആക്ടിൽ മാറ്റം വരുത്തണമെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അങ്ങനെ മാറ്റം വരുത്താനുള്ള അധികാരം സെൻട്രൽ ഗവൺമെൻറിനാണ്. ഇതുസംബന്ധിച്ചു സെൻട്രൽ ഗവൺമെൻറിന്റെ മുമ്പിൽ സംസ്ഥാനഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ സമർപ്പിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഇതിൽ മാറ്റങ്ങൾ വരുത്തുന്നതിലേക്ക് ഇൻഡ്യാ ഗവൺമെൻറിന്റെ മുമ്പിൽ പ്രപ്പോസൽ സമർപ്പിക്കാൻ വേണ്ടി നിയമവകുപ്പിനോട് അഭിപ്രായം ചോദിച്ചു. നിയമവകുപ്പിൽ നിന്ന് ആദ്യം അനുകൂലമായ ഉപദേശമല്ല ലഭിച്ചത്. എന്നിരുന്നാലും വീണ്ടും പരിശോധിച്ച് ഇതു സെൻട്രൽ ഗവൺമെൻറിന്റെ മുമ്പിൽ കൊണ്ടു പോകാൻ കഴിയുമോയെന്നു ഗവൺമെൻറ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

നാഷണൽ ഇൻസ്റ്റിട്ട്യൂട്ട് ഓഫ് സ്പോർട്സിന്റെ ശാഖ

* 537 [574] ശ്രീ. കെ. മുഹമ്മദാലി:
,, എം. എം. ഹസ്സൻ:
,, സ്റ്റീഫൻ പാദുവ:
,, എ. സി. ജോസ്:
,, ജി. കാർത്തികേയൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സിന്റെ ശാഖ കേരളത്തിൽ സ്ഥാപിക്കാനുദ്ദേശമുണ്ടോ;

(ബി) എങ്കിൽ എവിടെ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു;

(സി) ഈ സ്ഥാപനത്തിൽ ഏർപ്പെടുത്തുന്ന സംവിധാനം എന്തൊക്കെയാണ്;

(ഡി) സംസ്ഥാന ഗവൺമെൻറ് ഇതിനായി നൽകേണ്ട വിഹിതമെത്ര;

(ഇ) ഇതുസംബന്ധിച്ചുള്ള നടപടികൾ എത്രത്തോളം പുരോഗമിച്ചു?

വനംവകുപ്പു മന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ):

(എ) എൻ. ഐ. എസ്സിന്റെ ഒരു ട്രെയിനിംഗ് സെൻറർ സ്ഥാപിക്കാൻ ഉദ്ദേശമുണ്ട്.

(ബി) കണ്ണൂരിലാണ് ഇതിനുവേണ്ടി സ്ഥലം നിർദ്ദേശിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1. 400 മീറ്റർ അത്ലറ്റിക് സിന്തറ്റിക് ട്രാക്ക്
2. കൃത്രിമപ്പുല്ലുവളർത്തിയ ഹോക്കി ഫീൽഡ്
3. ഹോക്കി/ഫുട്ബാൾ ഫീൽഡ്
4. ബാസ്ക്കറ്റ്ബോൾ, വോളിബാൾ, ഇൻഡോർഹാൾ
5. ജിംനാസ്റ്റിക്സ്, ബാഡ്മിന്റൺ, ടേബിൾ ടെന്നീസ്, റസ്ലിംഗ്, ബോക്സിംഗ് തുടങ്ങിയ ഇൻഡോർ മൽസരങ്ങൾക്കായി വിവിധോദ്ദേശത്തോടുകൂടിയുള്ള ഹാൾ
6. 100 കിടക്കകൾ ഉള്ള ഒരു ഹോസ്റ്റൽ
7. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്
8. 50 മീറ്റർ നീളമുള്ള ലയിനോടുകൂടിയ നീന്തൽക്കുളം.
9. ആവശ്യമായ സാമഗ്രികളോടുകൂടിയുള്ള ഫിസിക്കൽ കണ്ടീഷനിംഗിനുള്ള ഒരു ഹാൾ
10. സ്പോർട്സ് ലൈബ്രറി
11. സ്പോർട്സ് സയൻസ് റിസർച്ച് സെന്റർ
12. സ്റ്റേറ്റർ അക്കോമഡേഷൻ ആവശ്യമായ സ്ഥലം
13. 'ഡി' വിഭാഗം ജീവനക്കാരുൾപ്പെടെ കോച്ചുമാർക്കും മറ്റ് ഉദ്യോഗസ്ഥൻമാർക്കും താമസിക്കുവാനുള്ള സൗകര്യങ്ങൾ.

(ഡി) കുറഞ്ഞത് 50 ഏക്കർ സ്ഥലവും ഒരു കോടി രൂപയും സംസ്ഥാന ഗവൺമെന്റ് നൽകേണ്ടതായിട്ടുണ്ട്.

(ഇ) കണ്ണൂർ ജില്ലാ കളക്ടറോട് ആവശ്യമായ സ്ഥലം കണ്ടു പിടിച്ച് റിപ്പോർട്ട് ചെയ്യുവാൻ ആവശ്യപ്പെട്ടിരുന്നു. അതുപ്രകാരം ജില്ലാ കളക്ടർ മൂന്നു സ്ഥലങ്ങൾ ശുപാർശ ചെയ്തിട്ടുണ്ട്. ഈ സ്ഥലങ്ങൾ പരിശോധിക്കുന്നതിനുവേണ്ടി വിദഗ്ദ്ധരെ കേരളത്തിലേക്ക് അയയ്ക്കുവാൻ എൻ. ഐ. എസിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. മുഹമ്മദാലി: നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സിന്റെ ശാഖ കേരളത്തിൽ സ്ഥാപിക്കുമ്പോൾ അത് കണ്ണൂരായിരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. സ്പോർട്സിന് വളരെ പ്രാധാന്യം നൽകുന്ന ഈ കാലഘട്ടത്തിൽ കേരളത്തിന്റെ മദ്ധ്യഭാഗമായ എറണാകുളത്ത് തികച്ചും അർഹമായ രീതിയിൽ സ്പോർട്സിന്റെ വികസനത്തിന് അനിവാര്യമായ സ്റ്റേഡിയം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഉണ്ടാക്കുന്ന കാര്യത്തിൽ ഗവൺമെന്റ് പ്രത്യേകമായ താൽപ്പര്യം പ്രകടിപ്പിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: എറണാകുളം ഭാഗം സ്പോർട്സ് കാര്യത്തിൽ വളരെയേറെ പ്രധാനപ്പെട്ട സ്ഥലമാണെന്ന കാര്യത്തിൽ തർക്കമില്ല. എറണാകുളം സിറ്റിയിൽത്തന്നെ അതിനുവേണ്ടി ഒരു ഇൻഡോർ സ്റ്റേഡിയത്തിന്റെ പ്രവർത്തനം സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ചെയർമാനായിട്ടുള്ള കമ്മിറ്റി ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ശ്രീ. കെ. മുഹമ്മദാലി എം. എൽ. എ. യുടെ നിയോജകമണ്ഡലത്തിൽ മുനിസിപ്പാലിറ്റിയുടെ വകയായി ഏതാണ്ട് 30 ഏക്കറോളം സ്ഥലമെടുത്ത് അവിടെയൊരു മനോഹരമായ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള പ്രാഥമിക പ്രവർത്തനങ്ങളിൽ ഇപ്പോൾ എത്തിക്കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മുഹമ്മദാലി: കായിക മേഖലയിൽ വളരെയധികം പ്രാധാന്യമുള്ള ചർച്ചകൾ നടക്കുന്ന ഈ കാലഘട്ടത്തിൽ കേന്ദ്ര സ്പോർട്സ് അതോറിറ്റിയിൽനിന്നും കേന്ദ്ര ഗവൺമെന്റിൽനിന്നും കേരളത്തിലെ കായികമേഖലയുടെ വികസനത്തിന് അനിവാര്യമായ സഹായധനം നേടിയെടുക്കാൻവേണ്ടിയുള്ള നീക്കങ്ങൾ, സ്കീമുകൾ മുന്നോട്ടുവച്ചുകൊണ്ടുള്ള നീക്കങ്ങൾ ഗവൺമെന്റ് ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ? ഇല്ലെങ്കിൽ അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: കേരളത്തിലെ സ്പോർട്സ് വികസനത്തിനുവേണ്ടിയുള്ള സമഗ്രമായ ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് ഇതിനകം സമർപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രത്തിലെ സ്പോർട്സ് വിഭാഗത്തിലെ ഉദ്യോഗസ്ഥൻമാർ കേരളത്തിലെ ഉദ്യോഗസ്ഥൻമാരെ വിളിച്ച് ഈ മാസം 14-ാം തീയതി ദൽഹിയിൽ ഒരു ചർച്ച നടത്തുകയുണ്ടായി. തുടർന്നും അവ നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായിട്ട് മുന്നോട്ടുപോകുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഉൾപ്പെടെയുള്ളവർക്ക് അക്കാര്യമറിയാം. അതുപോലെ തന്നെ സ്പോർട്സ് വികസനത്തിന് ആവശ്യമായ നിയമനിർമ്മാണം ഈ സഭയുടെ കാലാവധി തീരാൻപോകുന്ന സമയമായതുകൊണ്ടാണ് നമുക്കിവിടെ അത് കൊണ്ടുവരാൻ കഴിയാതെ വന്നത്. അതിനുള്ള നടപടിയും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എം. എം. ഹസ്സൻ: എൻ. ഐ. എസ്സിന്റെ ഒരു ശാഖ കണ്ണൂരിൽ സ്ഥാപിക്കാൻ തീരുമാനിച്ചു എന്നു പറഞ്ഞു. കേരളം ഇൻഡ്യയുടെ തന്നെ കായികപുരോഗതിയിൽ ഒരു നാഴികക്കല്ലായി മാറിക്കഴിഞ്ഞിട്ടുള്ള ഈ കാലഘട്ടത്തിൽ കണ്ണൂരിൽ സ്ഥാപിക്കാൻ പോകുന്ന എൻ. ഐ. എസ്സിന്റെ ശാഖയെ സ്പോർട്സിന്റെ ആധുനിക സങ്കേതങ്ങളും ആധുനിക ഉപകരണങ്ങളും (ഇതെല്ലാം ഇറക്കുമതി ചെയ്യുന്നതിന് കേന്ദ്രഗവൺമെന്റിന്റെ ഡ്യൂട്ടിഫ്രീയും ആവശ്യമാണ്) എല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ഇതൊരു advance Institute of Sports ആക്കി രൂപാന്തരപ്പെടുത്തുന്നതിനുവേണ്ടിയും ഇതിന്റെ പ്രോജക്ട് തയ്യാറാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടുക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഈ പ്രോജക്ട് നമ്മൾ മാത്രം തയ്യാറാക്കിയതുകൊണ്ട് പ്രയോജനമില്ല. എൻ. ഐ. എസ്സിന്റെ ഒരു ട്രെയിനിംഗ് സെന്ററായിട്ടാണ് ഇത് നമുക്കിവിടെ അനുവദിച്ചിട്ടുള്ളത്. 1980 മുതൽ ഇതിനുവേണ്ടി ഇൻഡ്യാഗവൺമെന്റുമായി കത്തിടപാടുകൾ ആരംഭിച്ചതാണ്. ഇടയ്ക്ക് ഇൻഡ്യാഗവൺമെന്റ് അതിന് അനുവാദം നിഷേധിച്ചു. ബഹുമാനപ്പെട്ട മെമ്പർ. ഇവിടെ ചൂണ്ടിക്കാണിച്ചപോലെ സമീപകാലത്തെ നമ്മുടെ സ്പോർട്സിന്റെ നേട്ടത്തിന്റെ കൂടി അടിസ്ഥാനത്തിലായിരിക്കും ഇപ്പോൾ ഇൻഡ്യാഗവൺമെന്റ് ഇതിന് അനുവാദം നൽകിയിട്ടുള്ളത്. ഇതിന് ആവശ്യമായ പ്രോജക്ട് റിപ്പോർട്ടുകളെല്ലാം തയ്യാറാക്കുന്നത് എൻ. ഐ. എസ്സിന്റെ ആളുകളാണ്.

ശ്രീ. എം. എം. ഹസ്സൻ: എൻ. ഐ. എസ്സിന്റെ ശാഖ സ്ഥാപിക്കാൻ പോകുന്നുവെന്ന വാർത്ത വന്നപ്പോൾ, തെറ്റിദ്ധാരണ പരത്തുന്ന രൂപത്തിൽ നിർദ്ദിഷ്ട സ്പോർട്സ് കോംപ്ലക്സ് കാര്യ

LIBRARY ARCHIVES Kerala Legislative Assembly

വട്ടത്തുനിന്നും മാറുന്നു എന്ന പ്രചരണവുമായി ചില സമരപരിപാടികൾ തുടങ്ങിയിട്ടുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? കാള പെറ്റെന്നു കേട്ടാലും കയറെടുക്കുന്ന ചില ആളുകളാണെന്ന് തോന്നുന്നു. അതുകൊണ്ട് സ്പോർട്സ് കോംപ്ലക്സിനെ സംബന്ധിച്ച് ഗവൺമെന്റ് എടുത്ത തീരുമാനത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: സ്പോർട്സ് കോംപ്ലക്സ് തിരുവനന്തപുരത്തു സ്ഥാപിക്കുന്നതിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. അതിന് ആവശ്യമായ സ്ഥലം യൂണിവേഴ്സിറ്റിയിൽ നിന്നും ഏറ്റെടുക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിക്കഴിഞ്ഞു. ജില്ലാകളക്ടറുടെ നേതൃത്വത്തിലുള്ള കമ്മിറ്റി അതിന്റെ നടപടി പൂർത്തിയാക്കിക്കഴിഞ്ഞാൽ എത്രയും പെട്ടെന്ന് അതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയും. സമരമൊക്കെ നടക്കുന്നതിന് വേറെ എന്തെങ്കിലും ഉദ്ദേശമുണ്ടായിരിക്കും. ആ ഉദ്ദേശത്തെ തടയാൻ ബഹുമാനപ്പെട്ട മെമ്പറും നമുക്കെല്ലാവർക്കുംകൂടി ശ്രമിക്കാം.

ശ്രീ. സ്റ്റീഫൻ പാടുവ: എൻ. ഐ. എസ്സിന്റെ ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതുമൂലം എത്ര തുക ചെലവാകും എന്നു പറയാമോ? അതിൽ കേന്ദ്രഗവൺമെന്റിന്റെ വിഹിതം എത്രയായിരിക്കും എന്നു വ്യക്തമാക്കാമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: തുടക്കത്തിൽ ഞാൻ പറഞ്ഞു. അവരുടെ ഇപ്പോഴത്തെ ഒരു താൽക്കാലിക എസ്റ്റിമേറ് അനുസരിച്ച് 5 കോടി രൂപ ചെലവു വരുമെന്നാണ് പറഞ്ഞിട്ടുള്ളത്. അതിൽ ഒരു കോടി രൂപ കേരളഗവൺമെന്റ് കൊടുക്കണം. ബാക്കി നാലു കോടിരൂപ അവരാണ് ചെലവഴിക്കേണ്ടത്. അതിന് ആവശ്യമായ സ്ഥലവും നമ്മൾ കൊടുക്കണം.

ശ്രീ. സ്റ്റീഫൻ പാടുവ: ട്രെയിനിംഗ് സെന്റർ കണ്ണൂരിൽ സ്ഥാപിക്കുന്നതോടൊപ്പംതന്നെ നമ്മുടെ സ്പോർട്സ് താരങ്ങൾക്ക് കൂടുതൽ വിദഗ്ദ്ധമായ പരിശീലനം നൽകുന്നതിനും അതുവഴി കൂടുതൽ ഗോൾഡ് മെഡൽസ് സമ്പാദിക്കുന്നതിനും വേണ്ടിയിട്ട് അവർക്ക് വേണ്ട പരിശീലനം നൽകാൻ ചൈനയിൽനിന്നോ റഷ്യയിൽനിന്നോ അമേരിക്കയിൽനിന്നോ സ്പോർട്സ് കോച്ചസിനെ ഇവിടെ വരുത്തി കായിക താരങ്ങൾക്ക് പരിശീലനം കൊടുക്കാൻ ആവശ്യമായ ഏർപ്പാടു ചെയ്യുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: നമ്മുടെ താരങ്ങൾക്ക് പരിശീലനം നൽകുവാൻ പുറത്തുനിന്നും കോച്ചസിനെ കൊണ്ടുവരേണ്ടതുണ്ടെങ്കിൽ അതിന് ഗവൺമെന്റ് തയ്യാറാണ്. ആ ഓഫർ അവരുടെ മുമ്പിൽ വച്ചിട്ടുമുണ്ട്. എന്നാൽ ചില ആളുകൾ പറയുന്നത് അങ്ങനെയുള്ള കോച്ചുകളെ പുറത്തുനിന്നും കൊണ്ടുവരേണ്ട കാര്യമില്ല. അവർക്ക് ആവശ്യമായ വിദഗ്ദ്ധ പരിശീലനം കൊടുക്കുവാൻ ഇവിടത്തെ കോച്ചുകൾക്കുതന്നെ കഴിയും എന്നാണ് പറഞ്ഞിട്ടുള്ളത്. ഇതിൽ പ്രധാനപ്പെട്ട ഒരു പ്രശ്നം ഷൈനി എബ്രഹാമിന് സ്വന്തമായി ഒരു കോച്ച് ഇല്ല എന്നുള്ളതായിരുന്നു. അതിനുവേണ്ടിയുള്ള നടപടിയും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ജോസ്: എൻ. ഐ. എസ്. ന്റെ ഒരു ട്രെയിനിംഗ് സെന്റർ കണ്ണൂരിൽ സ്ഥാപിക്കാൻ പോകുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ശ്രീ. മുഹമ്മദലി എം. എൽ. എ. സൂചിപ്പിച്ചപോലെ കേരളത്തിന്റെ മദ്ധ്യഭാഗമായ എറണാകുളത്ത് അന്താരാഷ്ട്ര നിലവാരത്തിൽ ഒരു സ്റ്റേഡിയം പണിയുന്നതിനുള്ള നടപടികൾ ബഹുമാനപ്പെട്ട ഗവൺമെന്റ് സ്വീകരിക്കുമോ? അതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: എറണാകുളത്തിന്റെ പ്രാധാന്യം ഞാൻ വീണ്ടും ഓർക്കുന്നു. അതുകൊണ്ടുതന്നെ നേരത്തേ തീരുമാനിച്ചതനുസരിച്ച് ബഹുമാനപ്പെട്ട മെമ്പർക്കറിയാം 16 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന അന്തർദ്ദേശീയ നിലവാരത്തിലുള്ള ഒരു സ്റ്റേഡിയമാണ് എറണാകുളത്ത് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ളത്. അതിനാവശ്യമായ സ്ഥലം കിട്ടാനുള്ള കാലതാമസമാണ് ഇപ്പോഴുള്ളത്. സ്ഥലം കണ്ടുപിടിക്കാൻ എറണാകുളം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിനാവശ്യമായിട്ടുള്ള രേഖപരമായ സംവിധാനം കാലതാമസം കൂടാതെ ഉണ്ടാക്കാനും ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. എ. സി. ജോസ്: സ്പോർട്സിന് ഇപ്പോൾ ആകെക്കൂടി നല്ലകാലമാണ്. അതിന്റെ അടിസ്ഥാനത്തിൽ സമഗ്രമായൊരു സ്പോർട്സ് നിയമം ഉണ്ടാക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പല പ്രാവശ്യവും പല സന്ദർഭങ്ങളിലും പറയുകയുണ്ടായിട്ടുണ്ട്. അങ്ങനെ ഒരു നിയമം ഉണ്ടാക്കുന്നതിനുള്ള നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതെത്രയും വേഗം പാസ്സാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ആ നിയമം ഈ സഭയിൽത്തന്നെ അവതരിപ്പിക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിച്ചത്. അതിനുള്ള നടപടികളെല്ലാം പൂർത്തിയായി. സമയമില്ലാത്തതുകൊണ്ടാണ് ഇപ്പോൾ അവതരിപ്പിക്കാൻ കഴിയാതെപോയത്.

ശ്രീ. പി. ഭാസ്കരൻ: സ്പോർട്സിന്റെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് കണ്ണൂർ ജില്ലയിൽ സ്ഥാപിക്കുവാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞുവെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രഖ്യാപനം വളരെ സന്തോഷത്തോടുകൂടി ഞാൻ സ്വാഗതം ചെയ്യുകയാണ്. അത് കഴിയുന്നതും വേഗത്തിൽ കണ്ണൂർ ജില്ലയിൽ സ്ഥാപിക്കണമെന്നും മറ്റു ജില്ലയിലേയ്ക്ക് മാറ്റിപ്പോകാതിരിക്കുന്നതിന് പ്രത്യേകമായി ശ്രദ്ധിക്കണമെന്നും ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഫുട്ബോൾ, ഹോക്കി, ക്രിക്കറ്റ്, ഭാരോദ്വഹനം, ഗുസ്തി എന്നീ രംഗങ്ങളിൽ അന്തർദ്ദേശീയ പ്രശസ്തിയാർജ്ജിച്ച ഒരു ജില്ലയാണ് കണ്ണൂർ. പി. ടി. ഉഷ പോലും ഓട്ടത്തിന്റെ പ്രാഥമിക പരിശീലനം അഭ്യസിച്ചത് കണ്ണൂർ ജില്ലയിൽവച്ചാണ്. അതുകൊണ്ട് സ്പോർട്സിന്റെ ഈറ്റില്ലമായ കണ്ണൂർ ജില്ലയിൽത്തന്നെ ഈ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചുകിട്ടുന്നതിന് അടിയന്തിരമായ നടപടികൾ കഴിയുന്നതും വേഗത്തിൽ ആരംഭിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ഇതിന് ജില്ലാ കളക്ടർക്ക് വേണ്ട അധികാരം കൊടുത്തിട്ടുണ്ടെന്ന് പറഞ്ഞു. കണ്ണൂർ ജില്ലയിൽത്തന്നെ പരിയാരം,

LIBRARY ARCHIVES Kerala Legislative Assembly

പനയത്താംപറമ്പ്, കടലായി, മാളികപ്പറമ്പ് എന്നീ പ്രദേശങ്ങളിൽ ഇതിനാവശ്യമായ സ്ഥലമുണ്ടെന്നുള്ള കാര്യവും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുകയാണ്. അതുകൊണ്ട് കണ്ണൂർ ജില്ലയിൽ, താങ്കൾ അടുത്ത വർഷം ഇതിന്റെ പ്രവർത്തനം ആരംഭിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: കണ്ണൂരിന്റെ കാര്യമായതുകൊണ്ട് request ആയാലും മറുപടി പറയാം. ഇപ്പോൾ സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള സെന്ററിന്റെ പ്രവർത്തനം വളരെ വേഗം ആരംഭിക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിനുവേണ്ടി എൻ. ഐ. എസ്. ന്റെ വിദഗ്ദ്ധൻമാരെ കേരളത്തിൽ വന്ന് ഇതിനു വേണ്ട സ്ഥലം പരിശോധന നടത്താൻ അയയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അവർ താമസിയാതെവരുന്നതാണ്. ഇതിനുവേണ്ടി കണ്ണൂർ ജില്ലയിൽ മൂന്നു സ്ഥലങ്ങളാണ് പ്രൊപ്പോസ് ചെയ്തിട്ടുള്ളത്. ആദ്യം ആ മൂന്നു സ്ഥലങ്ങളും പരിശോധിക്കുവാനാണ് വിദഗ്ദ്ധൻമാർ വരുന്നത്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: എൻ. ഐ. എസ്. ന്റെ പുതിയ ശാഖ കണ്ണൂരിൽ തുടങ്ങാൻ ഉദ്ദേശിച്ചിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. കോഴിക്കോട് യൂണിവേഴ്സിറ്റി ഇതു സംബന്ധമായി ഒരു നിവേദനം ബഹുമാനപ്പെട്ട ഗവൺമെന്റിന്റെയും മന്ത്രിയുടേയും ശ്രദ്ധയിൽ പെടുത്തിയിരുന്നോ; അതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് യൂണിവേഴ്സിറ്റി കാമ്പസിൽ ഒരു സിന്തറിക് ട്രാക്ക് ഉണ്ടാക്കുവാനുള്ള അറേഞ്ച്മെന്റ്സെല്ലാം ചെയ്യാമെന്നുള്ള ഉറപ്പ് അവർക്ക് കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ച് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. കെ. പി. നൂറുദ്ദീൻ: അങ്ങനെ ഉറപ്പുകൊടുത്തിട്ടില്ല. കോഴിക്കോട് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ ഒരു സിന്തറിക് ട്രാക്ക് സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു റിപ്രസന്റേഷൻ ഗവൺമെന്റിലേക്ക് സമർപ്പിച്ചിട്ടുണ്ട്. അത് പരിശോധിക്കുന്നതാണെന്ന് അവരെ അറിയിച്ചിട്ടുണ്ട്. അതിപ്പോൾ പരിശോധനയിലാണ്. ഇൻഡ്യാഗവൺമെന്റിൽ സമർപ്പിച്ചിട്ടുള്ള ഇരുപത്തിയേഴുകോടി രൂപയുടെ പ്രൊപ്പോസൽ അംഗീകരിച്ചുകിട്ടുകയാണെങ്കിൽ അതിൽ കോഴിക്കോട്ടും ഒരു സിന്തറിക് ട്രാക്ക് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതെവിടെ സ്ഥാപിക്കണമെന്നതിനെക്കുറിച്ച് സ്ഥലം പരിശോധിച്ചതിനുശേഷം തീരുമാനിക്കുന്നതാണ്. കോഴിക്കോട് യൂണിവേഴ്സിറ്റിയുടെ അപേക്ഷയും ഗവൺമെന്റിന്റെ പരിഗണനയിലാണ്.

ശ്രീ. പി. വി. മുഹമ്മദ്: ഷൈനി എബ്രഹാം, പി. ടി. ഉഷ എന്നീ കായികതാരങ്ങൾക്ക് കോച്ചിനെ ആവശ്യമുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. നമ്മുടെ സ്പോർട്സ് വകുപ്പുമന്ത്രിക്കും ഒരു കോച്ചിന്റെ ആവശ്യമുള്ളതുകൊണ്ട് ഇക്കാര്യംകൂടി പരിഗണിക്കാൻ തയ്യാറാകുമോ?

മി. സ്പീക്കർ: സ്പോർട്സ് മന്ത്രിക്ക് കോച്ചിന്റെ ആവശ്യമില്ല.

ശ്രീ. ബെന്നിബഹനാൻ: എൻ. ഐ. എസ്. ന്റെ ശാഖ കണ്ണൂരിൽ സ്ഥാപിക്കുന്നതുകൊണ്ട് അത് കേരളത്തിന്റെ അഭിമാനമായിത്തീരുകയും കേരളത്തിന്റെ മുഴുവൻ ആളുകൾക്കും ഇതുകൊണ്ട് പ്രയോജനം

LIBRARY ARCHIVES Kerala Legislative Assembly

കിട്ടുമോയെന്നറിയില്ല. അങ്ങനെ മുഴുവൻ ആളുകൾക്കും പ്രയോജനം കിട്ടുന്നതിനുവേണ്ടി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒരു സ്പോർട്ട്സ് ഡിവിഷൻ ആരംഭിക്കണമെന്ന നിർദ്ദേശം ഗവൺമെൻറിന്റെ ശ്രദ്ധയിൽ നേരത്തേ ഉണ്ടായിരുന്നു. അതിനെ സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഇപ്പോൾ സ്പോർട്സ് ഡിവിഷൻ പല സ്ഥലങ്ങളിലുമുണ്ട്. കേരളത്തിന്റെ എല്ലാ ഭാഗങ്ങളെയും സ്പോർട്സിന്റെ കാര്യത്തിൽ ഒരുപോലെ വളർത്തുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ ആണ് ഗവൺമെൻറിന്റെ മുമ്പിൽ ഉള്ളത്. അതിന്റെ ഉദാഹരണങ്ങളാണ്, തിരുവനന്തപുരത്തെ സ്പോർട്സ് കോംപ്ലക്സ്, എറണാകുളത്തെ അന്തർദ്ദേശീയ നിലവാരത്തിലുള്ള സ്റേഡിയം എന്നിവ. അതുപോലെ കണ്ണൂർ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു സ്പോർട്സ് കേന്ദ്രമാണ്. അതുകൊണ്ടാണ് അവിടെ ഒരു ട്രെയിനിംഗ് സെൻറർ സ്ഥാപിക്കുവാൻ തീരുമാനിച്ചത്.

ശ്രീ. ഇ. ജെ. ലൂക്കോസ്: കണ്ണൂരിൽ എൻ. ഐ. എസ്. ന്റെ ശാഖ സ്ഥാപിക്കുവാൻ പോകുന്നുവെന്ന് സൂചിപ്പിക്കുകയുണ്ടായി. കോട്ടയത്ത് ആരംഭിക്കുമെന്നുപറഞ്ഞ ഇൻഡോർ സ്റേഡിയത്തിന്റെ പണി എന്ന് ആരംഭിക്കും? എന്ന് പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പറയുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: കോട്ടയത്ത് ഇൻഡോർ സ്റേഡിയത്തിന്റെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്. അത് താമസിയാതെ പൂർത്തിയാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എസ്. രാമചന്ദ്രൻപിള്ള: എൻ. ഐ. എസ്. ന്റെ ശാഖ കണ്ണൂരിലാണ് സ്ഥാപിക്കാൻ പോകുന്നതെന്നുപറഞ്ഞു. ശ്രീ. ബെന്നി ബെഹനാൻ പറഞ്ഞതുപോലെ അത് കേരളത്തിന്റെ വടക്കേ അറ്റത്തായിപ്പോയി. ഇപ്പോഴത്തന്നെ തലസ്ഥാനം തിരുവനന്തപുരമായതുകൊണ്ട് മലബാറിലെ ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾപോലെ സ്പോർട്സ് താരങ്ങൾക്ക് അവിടെ പോകാൻ പ്രയാസമായതുകൊണ്ട് ഇതിന്റെ ഒരു ഉപശാഖയെങ്കിലും ചെങ്ങന്നൂർ സ്ഥാപിക്കുവാൻ ഉദ്ദേശമുണ്ടോ? അതുപോലെ തന്നെ ഇൻഡ്യയുടെ അഭിമാനതാരങ്ങളായ ഷൈനി എബ്രഹാമിനും പി. ടി. ഉഷയ്ക്കുമൊക്കെ എത്രയോ ഇരുപതു ലക്ഷം രൂപയുടെ വാഗ്ദാനങ്ങൾ ചെയ്തിട്ടുണ്ടെന്ന് കേൾക്കുകയുണ്ടായി. ഇവർക്ക് ചെങ്ങന്നൂർ സ്വീകരണം കൊടുത്തപ്പോൾ ഉഷയുടെ കോച്ച് പറയുകയുണ്ടായി, 'ഇരുപതുലക്ഷം രൂപയുടെ വാഗ്ദാനങ്ങളേയുള്ളൂ, ഒന്നും കയ്യിൽ കിട്ടിയിട്ടില്ലെന്ന്'. അതുകൊണ്ട് ബഹുമാനപ്പെട്ട സ്പോർട്സ് വകുപ്പുമന്ത്രി ഇടപെട്ട് ഈ വാഗ്ദാനങ്ങളനുസരിച്ചുള്ള തുക മേടിച്ചുകൊടുക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: പ്രഖ്യാപിച്ചിട്ടുള്ള തുക മുഴുവനും എല്ലാ താരങ്ങൾക്കും തക്കസമയത്ത് കൊടുത്തിട്ടുണ്ട്. കിട്ടിയില്ലെന്നുള്ള പ്രസ്താവന വാസ്തവ വിരുദ്ധമാണ്. തെറ്റിദ്ധരണാജനകമാണ്. കേന്ദ്രഗവൺമെൻറ് വാഗ്ദാനങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അതിനുവേണ്ട നടപടി കേന്ദ്രഗവൺമെൻറ് സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. എം. ഇസ്‌ഹാക്ക്‌ കുരിക്കൾ: മാറി, മാറിവരുന്ന സർക്കാരുകളും മന്ത്രിമാരും നമ്മുടെ സംസ്‌ഥാനത്തിന്‌ എന്തെങ്കിലും നേട്ടങ്ങളുണ്ടാകുമ്പോൾ സ്വന്തം പ്രദേശങ്ങളിലും മണ്ഡലങ്ങളിലും ഒതുക്കുവാനുള്ള ഒരു താൽപ്പര്യം കാണിക്കുന്നു. അതുമൂലം പൊതുതാൽപ്പര്യങ്ങൾ ഹനിക്കപ്പെടുകയാണ്‌. മാത്രമല്ല, സ്‌പോർട്ട്‌സ്‌ ഇൻസ്‌ററിറ്റ്യൂട്ടിനുതന്നെ ട്രാൻസ്‌പോർട്ടിംഗ്‌ ഫെസിലിറ്റീസ്‌, വെള്ളത്തിന്റെ ലഭ്യത, സ്‌ഥലം കിട്ടുവാനുള്ള എളുപ്പവഴി എന്നീ പല സംഗതികളും പരിഗണിക്കേണ്ടതുണ്ട്‌. പല മെമ്പർമാരും തെക്കുംവടക്കും എല്ലാം ആക്ഷേപങ്ങൾ ഉന്നയിച്ചിട്ടുണ്ട്‌. എന്നാൽ എല്ലാവർക്കും വരാനും അതിന്റെ പ്രയോജനം ഉപയോഗപ്പെടുത്തുവാനും കഴിവുള്ള ഒരു പ്രദേശമാണ്‌ മലപ്പുറം. അതുകൊണ്ട്‌ സൗജന്യമായി അവിടെ സ്‌ഥലം കൊടുക്കുവാനും തയ്യാറാണ്‌. നമ്മുടെ സംസ്‌ഥാനത്തെ മൊത്തം കായിക പ്രതിഭകളുടെ ഭാവിയെ ഓർത്തെങ്കിലും ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം പരിഗണിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: എല്ലാ പ്രദേശങ്ങളിലും ഈ ഇൻസ്‌ററിറ്റ്യൂട്ടിന്റെ പ്രയോജനം കിട്ടണമെന്നുപറഞ്ഞുകൊണ്ടാണ്‌ എല്ലായിടത്തും സ്‌പോർട്ട്‌സ്‌ സ്‌ഥാപനങ്ങൾ സ്‌ഥാപിച്ചിട്ടുള്ളത്‌. മലപ്പുറം ജില്ലയുടെ പ്രാധാന്യവും ഒട്ടും കുറഞ്ഞുകാണുന്നില്ല. അവിടെ ഇതിനകംതന്നെ ഒരു ഇൻഡോർ സ്‌റേഡിയത്തിന്റെ പണിതീർത്തിട്ടുണ്ട്‌.

ശ്രീ. കെ. സി. ജോസഫ്‌: കേരളത്തിന്റെ സ്‌പോർട്ട്‌സ്‌ നഴ്‌സറിയായ കണ്ണൂർ ജില്ലയിൽ എൻ. ഐ. എസ്‌. ന്റെ സെൻറർ വരുന്നത്‌ ഒരു സ്വാഗതാർഹമായ കാര്യമാണ്‌. ഇതിനുവേണ്ടി കണ്ണൂർ ജില്ലയിലെ ഏതെല്ലാം സ്‌ഥലങ്ങളാണ്‌ ജില്ലാകളക്‌ടർ ശുപാർശചെയ്‌തിട്ടുള്ളതെന്ന്‌ വ്യക്‌തമാക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ജില്ലാ കളക്‌ടറുടെ റിപ്പോർട്ടിൽ ഇപ്പോൾ ചൂണ്ടിക്കാണിച്ചിട്ടുള്ളത്‌, കടന്നപ്പള്ളി, പടിയൂർകല്ല്യാണി, പെരിയാരം എന്നീ മൂന്നു വില്ലേജുകളിലെ സ്‌ഥലങ്ങളാണ്‌.

ശ്രീ. പി. സീതിഹാജി: ഗ്രാമപ്രദേശങ്ങളിൽ സ്‌പോർട്ട്‌സ്‌ വികസനത്തിനുവേണ്ടി കഴിഞ്ഞ ഗവൺമെൻറ്‌ പഞ്ചായത്തുകൾതോറും ഏഴിന പരിപാടികളിൽ മിനി സ്‌റേഡിയങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്‌. ആ സ്‌റേഡിയങ്ങളെ സഹായിക്കാൻ സ്‌പോർട്ട്‌സ്‌ കൗൺസിൽ വല്ലതും ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: പഞ്ചായത്തുകളും സ്‌പോർട്ട്‌സ്‌ ക്ലബ്ബുകളും സ്‌കൂളുകളുമെല്ലാം അപേക്ഷിക്കുന്നതനുസരിച്ച്‌ മിനി സ്‌റേഡിയങ്ങൾക്കുള്ള സഹായം സ്‌പോർട്ട്‌സ്‌ കൗൺസിൽ നൽകിക്കൊണ്ടിരിക്കുന്നുണ്ട്‌. സ്‌പോർട്ട്‌സ്‌ കൗൺസിൽ മാത്രമല്ല, ഇൻഡ്യാ ഗവൺമെൻറും സഹായം നൽകുന്നുണ്ട്‌. ഈ വർഷംതന്നെ ഇതുവരെ നൂറ്റിമൂന്നു മിനി സ്‌റേഡിയങ്ങൾക്ക്‌ സഹായം നൽകാൻ സ്‌പോർട്ട്‌സ്‌ കൗൺസിൽ മുഖേന ഇൻഡ്യാ ഗവൺമെൻറിന്‌ പ്രപ്പോസൽ അയച്ചുകഴിഞ്ഞു.

ശ്രീ. ടി. എസ്‌. ജോൺ: തിരുവല്ലയിൽ മുനിസിപ്പാലിറ്റിയുടേയും ബഹുജനങ്ങളുടേയും സഹകരണത്തോടുകൂടി അവിടത്തെ എം. എൽ. എ. ശ്രീ. പി. സി. തോമസ്‌സിന്റെ നേതൃത്വത്തിൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേഡിയം പണിയാൻ ആരംഭിച്ചിരിക്കുകയാണ്. ആ സ്റ്റേഡിയം പണിയാൻ ചെലവാകുന്ന തുകയുടെ പകുതിയെങ്കിലും സർക്കാർ വഹിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: വ്യവസ്ഥകളനുസരിച്ച് ഗവൺമെന്റിലേക്ക് അപേക്ഷ കൊടുത്താൽ തീർച്ചയായിട്ടും സഹായം നൽകുന്നതാണ്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: കായികാദ്ധ്വാനം ചെയ്യുന്ന ജനസമൂഹത്തിനകത്തു നിന്നു കഴിവുള്ള (stamina) പട്ടികജാതി—പട്ടികവർഗ്ഗക്കാർക്ക് സ്പോർട്സ് രംഗത്ത് വേണ്ടത്ര പരിശീലനം ലഭിക്കുന്നതിന് പ്രത്യേകമായ വല്ല പരിപാടികളും ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് വ്യക്തമാക്കുവാൻ തയ്യാറാകുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: പട്ടികജാതി—പട്ടികവർഗ്ഗക്കാർക്കും സ്പോർട്സ് പരിശീലനത്തിനുവേണ്ടി കൂടുതൽ സൗകര്യങ്ങൾ കിട്ടുന്നതിനുവേണ്ടി ഒരു പദ്ധതി സ്പോർട്സ് കൗൺസിൽ ഇതിനകം തന്നെ ആവിഷ്കരിച്ചിട്ടുണ്ട്.

ശ്രീ. സി. ടി. അഹമ്മദ്അലി: കാസർകോട് അടുത്തകാലത്ത് സ്പോർട്സ് കൗൺസിൽ നിലവിൽ വന്നെങ്കിലും അവിടെ ഒരു സ്റ്റേഡിയം ഇല്ലാത്തകാരണത്താൽ അവിടത്തെ കായികതാരങ്ങൾക്ക് പരിശീലനത്തിന് വളരെയേറെ തടസ്സം നിൽക്കുകയാണ്. അടിയന്തിരമായി അവിടെ ഒരു സ്റ്റേഡിയം നിർമ്മിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: രണ്ടുവർഷക്കാലമായി അവിടെ ഒരു സ്റ്റേഡിയം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള പ്രാഥമിക നടപടികൾ നടന്നിട്ട്. പക്ഷേ കാര്യങ്ങളൊന്നും മുന്നോട്ടു പോയില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർകൂടി മുൻകൈയെടുത്ത് അവിടെ മുനിസിപ്പാലിറ്റിയുടേയും ജില്ലാ കളക്ടറുടേയും സാന്നിദ്ധ്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിച്ചാൽ തീർച്ചയായിട്ടും ഗവൺമെൻറിൽ നിന്നും സ്പോർട്സ് കൗൺസിലിൽനിന്നും ആവശ്യമായ നടപടികൾ എടുക്കുന്നതാണ്.

ശ്രീ. പി. കെ. കെ. ബാവ: സ്പോർട്സ്മാൻ സ്പിരിറ്റോടുകൂടിത്തന്നെ സ്പോർട്സ് ഡിപ്പാർട്ടുമെന്റ് കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രി സ്പോർട്സിന്റെ കാര്യത്തിൽ ഒട്ടും അപ്രധാനമല്ലാത്ത ചാവക്കാട് പ്രദേശത്ത് ഒരു സ്റ്റേഡിയം നിർമ്മിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ചാവക്കാട് പ്രദേശത്ത് സ്റ്റേഡിയം നിർമ്മിക്കുന്നതിനുവേണ്ടി വ്യവസ്ഥകളനുസരിച്ച് അപേക്ഷിച്ചാൽ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സ്വർണ്ണക്കപ്പുകൾക്കുവേണ്ടി അഖിലേന്ത്യാ മൽസരങ്ങളൊക്കെ നടത്തുന്നതുശുശ്രൂഷിനോടുള്ള അവഗണന ബഹുമാനപ്പെട്ട സ്പോർട്സ് മന്ത്രി അവസാനിപ്പിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. നൂറുദ്ദീൻ: തൃശ്ശൂർ ജില്ലയോട് അവഗണനയൊന്നുമില്ല. മാത്രമല്ല, വളരെയേറെ പരിഗണന നൽകി ദേശീയഗെയിംസ് നടക്കുമ്പോൾ ഏറ്റവുമധികം സുപ്രധാനമായ ഇനം തൃശ്ശൂർ ജില്ലയിലാണ് നടത്താൻ പോകുന്നത്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

വ്യവസായങ്ങൾക്ക് ആവശ്യമായ തടി ഇറക്കുമതി

* 538 [575] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഈർച്ചമില്ലുകൾക്കും തടി അസംസ്കൃത പദാർത്ഥമായി ഉപയോഗിക്കുന്ന ഫാക്ടറികൾക്കും ആവശ്യത്തിനുള്ള തടി മറ്റു രാജ്യങ്ങളിൽനിന്നും ഇറക്കുമതിചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഏതെങ്കിലും സ്വകാര്യ സ്ഥാപനങ്ങൾ വിദേശരാജ്യങ്ങളിൽ നിന്നും തടി ഇറക്കുമതി ചെയ്യുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏത് സ്ഥാപനമാണെന്ന് വെളിപ്പെടുത്തുമോ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): (എ) ആവശ്യമുള്ള തടി ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടി അതാത് സ്ഥാപനങ്ങൾ തന്നെ സ്വീകരിക്കുന്നുണ്ട്.

(ബി, സി) ഉണ്ട്. പല സ്വകാര്യസ്ഥാപനങ്ങളും തടി ഇറക്കുമതി ചെയ്യുന്നുണ്ട്.

മിനി വ്യവസായ എസ്റ്റേറ്റുകളും മിനി യൂണിറ്റുകളും

* 539 [576] ശ്രീ. കെ. പി. പ്രഭാകരൻ:
,, കെ. വി. സുരേന്ദ്രനാഥ്:
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. കെ. ഇ. ഇസ്മയിൽ:
,, കെ. ടി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മിനി വ്യവസായ എസ്റ്റേറ്റുകളെയും അവിടെ പ്രവർത്തിക്കുന്ന മിനി യൂണിറ്റുകളെയും പറ്റി ഗവൺമെന്റ് സർവ്വേ നടത്തുകയുണ്ടായോ;

(ബി) എങ്കിൽ സർവ്വേയുടെ നിഗമനങ്ങളെന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) ആ നിഗമനങ്ങളുടെ വെളിച്ചത്തിൽ മിനി വ്യവസായങ്ങൾ പുനരുദ്ധരിക്കാൻ എന്തു നടപടികൾ സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly